LIBRARY ARCHIVES Kerala Legislative Assembly

വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്കുതല ഓഫീസുകൾ

86 (2580) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുതായി ആരംഭിച്ച വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്കുകളിൽ ഏതൊക്കെ താലൂക്കുതല ഓഫീസുകളാണ് ഇനിയും ആരംഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ; ഇവ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്ക് ഓഫീസുകൾ ഒഴികെ ബാക്കി താലൂക്കുതല ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മറ്റ് താലൂക്കുതല ഓഫീസുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അതാത് വകുപ്പുകൾ മുഖാന്തരമാണ്. പ്രസ്തുത താലൂക്കുതല ഓഫീസുകൾ എപ്പോൾ ആരംഭിക്കുമെന്ന വിവരം ബന്ധപ്പെട്ട വകുപ്പുകൾക്ക് മാത്രമെ പറയാനാകുകയുള്ളൂ.

ഭൂരഹിതരായവർക്ക് ഭൂമി ലഭ്യമാകുന്ന പദ്ധതി

87 (2581) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായവർക്കു ഭൂമി ലഭ്യമാക്കുന്ന പദ്ധതിപ്രകാരം കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന വില്ലേജുകളിൽ എത്ര ഗുണഭോക്താക്കൾക്ക് നാളിതുവരെ ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഗുണഭോക്താക്കളുടെ പേരുവിവരവും അവർക്ക് ലഭ്യമാക്കിയ ഭൂമിയുടെ വിസ്തൃതിയും വിശദമാക്കാമോ ;

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് ലഭിച്ച ഭൂമിയിൽ ഭവനനിർമ്മാണത്തിന് സാധ്യമല്ലാത്ത ഭൂമിയുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- 2015 പ്രകാരം കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന വില്ലേജുകളിൽ 121 ഗുണഭോക്താക്കൾക്ക് ഇതുവരെ ഭൂമി നൽകിയിട്ടുണ്ട്.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും വീട് വയ്ക്കുന്നതിനായി 3 സെന്റ് ഭൂമി വീതമാണ് നൽകിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രസ്തുത പ്രദേശത്ത് ഇത്തരം പരാതികളൊന്നും തന്നെ നാളിതുവരെ ലഭിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.